## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 302** **27-06-2022 - ൽ മറുപടിയ്ക്ക്**

## സബ്സിഡി നിരക്കിൽ റേഷൻവിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ബി.പി.എൽ. കാർഡ് ഉടമകൾക്ക് സബ്സിഡി നിരക്കിൽ റേഷൻവിതരണം നടത്തിയ ശേഷം കെട്ടിക്കിടക്കുന്ന ഭക്ഷ്യധാന്യങ്ങൾ സബ്സിഡി രഹിതമായി എ.പി.എൽ. വിഭാഗങ്ങൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ; | (എ) | ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാവിഭാഗത്തിനനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ നീക്കിയിരിപ്പ് കേന്ദ്രസർക്കാർ ഉത്തരവിനു വിധേയമായി പിന്നീടുള്ള ഏതെങ്കിലും മാസത്തെ അലോട്ട്മെന്റിൽ നിന്ന് കുറവ് ചെയ്യുകയാണ് ചെയ്യുന്നത്. പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി പ്രകാരം അനുവദിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യ ങ്ങളുടെ നീക്കിയിരിപ്പ് ഭക്ഷ്യഭദ്രതാ നിയമ പ്രകാരമുള്ള അലോട്ട്മെന്റിലേക്ക് ക്രമീകരിക്കുകയും ചെയ്യുന്നു. മുൻഗണനാ വിഭാഗത്തിലെ ധാന്യ നീക്കിയിരിപ്പ് മുൻഗണനേതര വിഭാഗങ്ങൾക്കായി ഉപയോഗിക്കണമെങ്കിൽ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. |
| (ബി) | റേഷൻ വിതരണത്തിൽ കൃത്യമായ അളവും തൂക്കവും ഗുണനിലവാരവും ഉറപ്പ് വരുത്തിയ ശേഷം വിതരണക്കാർക്ക് 2% ഷോർട്ടേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | പരിശോധിച്ചുവരുന്നു. |
| (സി) | റേഷൻ ഇതര ഉൽപ്പന്നങ്ങൾ അനുവദിച്ച് റേഷൻ കടകളെ ആകർഷകമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | പൊതുവിതരണ രംഗം ശാക്തീകരിക്കു ന്നതിന്റെയു ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകളെ വൈവിദ്ധ്യവത്കരിക്കുവാൻ തീരുമാനിച്ചതിന്റെ ആദ്യ ഘട്ടമായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിലവിലുള്ള സേവനങ്ങൾക്ക് പുറമേ മിനി അക്ഷയ സേവനങ്ങളും സപ്ലൈകോ സബ്സിഡി |

| | | | |
|---|---|---|---|
| | | | ഉത്പന്നങ്ങളുടെ വിപണനവും 5000/- രൂപ വരെയുള്ള പണമിടപാടുകൾ, സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, മിനി എൽ.പി.ജി സിലിണ്ടർ എന്നിവയുടെ വിപണനവും നടപ്പാക്കുന്നത് വഴി പൊതുജനങ്ങൾക്ക് കൂടുതൽ സേവനവും റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗമാണ് കെ-സ്റ്റോർ എന്ന പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. 2022-23 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>**<u>റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.</u>**<br><br>1. 300 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ള കട<br><br>2. ടി പദ്ധതിയിൽ പങ്കാളികളാകുവാൻ സ്വമേധയാ വരുന്നവർ<br><br>3. റേഷൻകടകളുടെ 02 കി.മീ ചുറ്റളവിൽ സപ്ലൈകോ ഔട്ട്.ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത അവസ്ഥ<br><br>സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും കെ-സ്റ്റോർ പദ്ധതിയിൽ പങ്കാളികളാകുന്നതിന് വേണ്ടി സ്വമേധയാ തയ്യാറായി 837 ലൈസൻസികൾ വന്നിട്ടുണ്ട്. കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ ഓരോ ജില്ലയിൽ നിന്നും കുറഞ്ഞത് 05 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | സ്റ്റോക്ക് നിലവാരം അനുസരിച്ച് ആട്ട വിതരണവും യഥാവസരം സപ്പോർട്ടിംഗ് മണിയും കമ്മീഷനും അനുവദിക്കുമോ; | (ഡി) | ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം ലഭിക്കുന്ന ടൈഡ് ഓവർ വിഹിതത്തിലെ മൊത്തം ഗോതമ്പ് (6459.074 മെ. ടൺ) ആട്ടയാക്കി വിതരണം ചെയ്തു വന്നിരുന്നു. എന്നാൽ 2022 ജൂൺ മുതൽ 2023 മാർച്ച് വരെയുള്ള അലോട്ട്മെന്റിൽ നിന്ന് ടി ഗോതമ്പ് നിർത്തലാക്കി പകരം അരി അനുവദിച്ചതിനാൽ ടി കാലയളവിൽ മുൻഗണനേതര വിഭാഗത്തിനുള്ള ആട്ടയുടെ അലോട്ട്മെന്റ് നിർത്തലാക്കി. മുൻഗണനാ വിഭാഗത്തിന് നീക്കിയിരിപ്പ് കൂടി കണക്കിലെടുത്താണ് നിലവിൽ ആട്ട അനുവദിച്ചുവരുന്നത്. നിലവിൽ ആട്ടയ്ക്കും സപ്പോർട്ടിംഗ് മണി ഉൾപ്പെടെയുള്ള കമ്മീഷൻ |

| | | | |
|---|---|---|---|
| | | | അനുവദിച്ചുവരുന്നു. അതാതു മാസത്തെ കമ്മീഷൻ തുക തൊട്ടടുത്ത മാസം തന്നെ അനുവദിക്കുന്നുമുണ്ട്. |
| (ഇ) | ലൈസൻസിക്ക് കട നടത്തുവാൻ താത്പര്യമില്ലാത്ത സാഹചര്യത്തിൽ സെയിൽസ്മാന് കട നടത്തുവാനുള്ള അനുവാദം നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ഇ) | ലൈസൻസിക്ക് കട നടത്തുവാൻ താല്പര്യമില്ല എന്ന സമ്മതപത്രം സമർപ്പിക്കേണ്ടതാണ്. ഒരേ കടയിൽ തന്നെ 10 വർഷം പരിചയസമ്പത്തുള്ള സെയിൽസ്മാൻമാർക്ക് ലൈസൻസ് അനുവദിക്കുന്നതിന് മുൻഗണന നൽകിവരുന്നു. |
| (എഫ്) | കോട്ടയം ജില്ലയിൽ എ.ആർ.ഡി.366 നടത്തുന്ന അതിരമ്പുഴ വില്ലേജിൽ പടിഞ്ഞാറ്റുംകര പൂവം വീട്ടിൽ മോലിമാത്യൂ സെയിൽസ് മാനായ റോയിക്ക് കടയുടെ ലൈസൻസ് നൽകണമെന്ന് കാണിച്ച് ഇ-ഫയൽ നമ്പർ. 5839035 പ്രകാരം 31.12.2021-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (എഫ്) | കോട്ടയം ജില്ല കോട്ടയം താലൂക്കിലെ ARD 366 ന്റെ നിലവിലെ ലൈസൻസിയായ ശ്രീമതി മോളി മാത്യുവിന്റെ അടുത്ത ബന്ധുവും സെയിൽസ്മാനുമായ ശ്രീ. റോയ് തോമസിന് ഡിപ്പോ നടത്തുന്നതിന് അനുവാദം നൽകണമെന്ന് അഡ്വ.മോൻസ് ജോസഫ് എം.എൽ.എ അപേക്ഷ സമർപ്പിച്ചിരുന്നു. ARD 366ന്റെ ലൈസൻസി നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിന് സെയിൽസ്.മാനായ ശ്രീ. റോയ് തോമസിന് നിർദ്ദേശം നൽകുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും കോട്ടയം താലൂക്ക് സപ്ലൈ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നാളിതുവരെ ലൈസൻസി നിയമനത്തിനുള്ള അപേക്ഷ ശ്രീ. റോയ് തോമസ് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ